LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ബസ്സപകടങ്ങളും നഷ്ടപരിഹാരവും

55 [1380] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകടംമൂലം കഴിഞ്ഞ ഒരു വർഷക്കാലം എത്രപേർ മരണപ്പെട്ടു; എത്രപേർക്ക് പരിക്കുപറ്റി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് കോടതികളിൽ എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കേസുകളിൽ ഉണ്ടായ വിധി അനുസരിച്ച് കെ.എസ്.ആർ.ടി.സി. എത്ര പേർക്ക്, എന്തു തുക, എന്നുമുതൽ നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അപകടംമൂലം കഴിഞ്ഞ ഒരു വർഷക്കാലം (1-7-2004 മുതൽ 30-6-2005 വരെ). 215 പേർ മരണപ്പെട്ടു. 868 പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്.

(ബി) 2004-2005 കാലഘട്ടത്തിൽ നടന്ന അപകടങ്ങളെത്തുടർന്നുള്ള കേസുകൾ വരുംവർഷങ്ങളിലേ സാധാരണയായി ഫയൽ ചെയ്തുതുടങ്ങുകയുള്ളൂ. ആയതിനാൽ കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(സി) 1988 മുതലുള്ള കേസുകളിൽ കെ.എസ്.ആർ.ടി.സി. 8894 പേർക്ക് 18.98 കോടി രൂപയും അതിന്മേലുള്ള പലിശയും നൽകാനുണ്ട്.

കടയ്ക്കലിൽ സ്റ്റേഷൻ മാസ്റ്റർ ആഫീസ് സ്ഥാപിക്കുവാൻ നടപടി

56 [1381] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ കടയ്ക്കലിലേക്ക് കെ.എസ്.ആർ.ടി.സി. യുടെ ഏതെല്ലാം സ്റ്റേഷനുകളിൽനിന്നും ബസ് സർവ്വീസുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കടയ്ക്കൽ വഴി എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ കടന്നു പോകുന്നുണ്ട്;